"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ വികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാമ്പത്തിക അധികാരപരിധി പുനർനിർണയിക്കുന്നതിനായി രൂപീകരിച്ച എംപവേർഡ് കമ്മിറ്റി പുനഃസംഘടിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ(ഡി.ഡി.)വകുപ്പ്**

സ.ഉ.(സാധാ) നം.402/2022/LSGD തീയതി,തിരുവനന്തപുരം, 22-02-2022

പരാമർശം:-

1. ധനകാര്യ വകുപ്പിന്റെ 07.08.2017ലെ സ. ഉ.(പി) 102/2017/ ധന നമ്പർ ഉത്തരവ്
2. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 26.04.2021-ലെ 2984/ഇ.ജി.എസ്.ഡി./20/ആർ.ഇ.ജി.എസ് നമ്പർ കത്ത്
3. തദ്ദേശ സ്വയംഭരണ(ഇ ആർ എ) വകുപ്പിന്റെ 18.10.2021 -ലെ സ.ഉ.(സാധാ) 2012/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഓഫീസിലെ ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ (ആർ.ഇ), ജില്ലാ മിഷനിലെ ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർ എന്നിവർക്ക് സാമ്പത്തിക ചെലവിനുള്ള അധികാരത്തിന്റെ തുകയുടെ പരിധി വർധിപ്പിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് ഭരണ വകുപ്പുകളുടെയും, വകുപ്പ് തലവന്മാരുടെയും സാമ്പത്തിക അധികാരപരിധി പുനർനിർണയിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിലവിലുള്ള സാമ്പത്തിക അധികാരപരിധി പുനർനിർണയിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനർ ആയി ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവാകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലെ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് ആയതിനാൽ ടി എംപവേർഡ് കമ്മിറ്റി ചുവടെ പറയും പ്രകാരം പുനഃസംഘടിപ്പിച്ച് ഉത്തരവാകുന്നു.

പ്രിൻസിപ്പൽ സെക്രട്ടറി (റൂറൽ ), തദ്ദേശ സ്വയംഭരണ വകുപ്പ് - കൺവീനർ

ഗ്രാമ വികസന കമ്മീഷണർ - മെമ്പർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പ്രതിനിധി - മെമ്പർ

ധനകാര്യ വകുപ്പ് പ്രതിനിധി - മെമ്പർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജു സി ജി

ഡെപ്യൂട്ടിസെക്രട്ടറി

ഗ്രാമ വികസന കമ്മീഷണർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ ) കേരള(തിരുവനന്തപുരം ,തൃശ്ശൂർ)
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
ധനകാര്യ വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Nisam N**
**Date: 22-02-2022 12:32:21**
സെക്ഷൻ ഓഫീസർ

ത.സ്വ.ഭ.വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്